**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1434 — 04.02.2019-ൽ മറുപടിക്ക്

**ഓഖി സ്പെഷ്യൽ പാക്കേജ്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | ഓഖിയുമായി ബന്ധപ്പെട്ട് സമുദ്രതീരമേഖലയിലെ മത്സ്യത്തൊഴിലാളികൾക്കായി ഒരു സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുമെന്ന പ്രഖ്യാപനം നടത്തിയിരുന്നോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനത്തിനായി 2000 കോടി രൂപയുടെ ഒരു സമഗ്ര തീരദേശ വികസന പാക്കേജ് നടപ്പിലാക്കുന്നതിനായി ശ്രീ.എസ്.എം.വിജയാനന്ദ്, മുൻ ചീഫ് സെക്രട്ടറി, ചെയർമാനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിശദമായ പഠനങ്ങൾ നടത്തേണ്ടതും ഫീൽഡ്തല വിവരങ്ങൾ ശേഖരിക്കേണ്ടതുമുണ്ട്. ജീവനോപാധി സംബന്ധിച്ചുള്ള പഠനങ്ങൾ IRMA (Institute of Rural Management Anand) മുഖാന്തിരവും Basic Human Needs, Coastal Infrastructure, Human Development, Social Security, Quality of Public Services, Self Help Groups and Co-operatives, Safety, Disaster Management എന്നിവ സംബന്ധിച്ചുള്ള പഠനങ്ങൾ TISS (Tata Institute of Social Science) മുഖാന്തിരവും നടത്തുന്നതിന് തീരുമാനിക്കുകയും DPR തയ്യാറാക്കി സമർപ്പിക്കുന്നതിന് KPMG യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>പഠനം സംബന്ധിച്ചുള്ള വിശദാംശങ്ങളും 47,86,026/- രൂപയുടെ ബഡ്ജറ്റും TISS നൽകിയിട്ടുണ്ട്. TISS മായി ഫിഷറീസ് ഡയറക്ടർ ധാരണാപത്രം ഒപ്പ് വയ്ക്കുകയും ആദ്യഗഡു (ബഡ്ജറ്റ് തുകയുടെ 30%) TISS-ന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിനായി ശ്രീ.എസ്.എം. വിജയാനന്ദ് ചെയർമാനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | തീരദേശത്തെ 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഫലപ്രദമാണോ; എങ്കിൽ ഇതിനകം എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാൻ സാധിച്ചുവെന്ന് അറിയിക്കുമോ? | (സി) | 2016-17, 2017-18 എന്നീ വർഷങ്ങളിലായി നടപ്പിലാക്കിയ 5 പുനരധിവാസ പദ്ധതികളിലായി 1065 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 932 പേർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. കൂടാതെ 187 പേർക്ക് മുട്ടത്തറയിൽ ഫ്ളാറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്. 2018-19 കാലയളവിൽ 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കാനായി 78.20 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ നിർവഹണം പുരോഗമിക്കുന്നു. |

Sheeba

**സെക്ഷൻ ഓഫീസർ**